നമ്മുടെ ഇമാമുകൾ

കെ.കെ. കുഞ്ഞാലി മുസ്‌ലിയാർ, ചേലക്കാട്



# ഇമാം അബ്ദുൽഗഫ്ഫാർ(റ)

പ്രസിദ്ധ ശാഫിഈ പണ്ഡിതനാണ് ഇമാം അബ്ദുൽഗഫ്ഫാർ(റ). പിതാവ് അബ്ദുൽകരീം. നജ്മുദ്ദീൻ എന്നു സ്ഥാനപ്പേർ. നിരവധി പണ്ഡിതശ്രേഷ്ടരുടെ നാടായ ഖസ്‌വീനിൽ ജനിച്ചുവളർന്നയാൾ. ഫിഖ്ഹ്, തസ്വവ്വുഫ്, കലാം, ഹിസാബ് എന്നീ വിജ്ഞാനങ്ങളിൽ അപാരമായ കഴിവുള്ളവരാണ്. ദാവൂദ്നബി(അ)ക്ക് ഇരുമ്പ് കയ്യിൽ കിട്ടിയതുപോലെയാണ് മഹാനർക്ക് ഫിഖ്ഹ് എന്ന് ഇമാം യാഫിഈ(റ) പറയുന്നു. അൽഹാവിസ്സ്വഗീറിന്റെ കർത്താവാണ് ഇമാം. വലിയ ഹാവി ഇമാം മാവർദി(450)യുടേതാണ്.

ശൈഖ് ശിഹാബുദ്ദീൻ സുഹ്റവർദീ(റ) ഒരിക്കൽ ഹജ്ജിനു വന്നിരുന്നു. ഇമാം ഖസ്‌വീനിയും അവിടെയുണ്ട്. തമ്മിൽ പരിചയമില്ല. ശൈഖവർകൾക്ക് കാഴ്ചയും നഷ്ടപ്പെട്ടിട്ടുണ്ട്. കൂടെയുള്ളവരോട് മഹാനർ ഇങ്ങനെ പറഞ്ഞു: ഇവിടെയെങ്ങാനും ഒരു നല്ല മനുഷ്യനുണ്ട്. അയാളുടെ സുഗന്ധവാസന എന്റെ മൂക്കിന്നടിക്കുന്നു. നിങ്ങൾ അന്വേഷിച്ചുനോക്കുക. അവർ പുറപ്പെട്ടു. രാത്രിയുടെ കൂരിരുട്ടിൽ പ്രകാശം ചൊരിഞ്ഞ ഒരിടത്തു വച്ച് എന്തോ എഴുതുന്ന ഒരാളെക്കണ്ടു. ഇയാൾ തന്നെയായിരിക്കും അയാൾ. അവർ കണക്കുകൂട്ടി. നിങ്ങളെ ശൈഖ് സുഹ്റവർദീ അന്വേഷിക്കുന്നുണ്ടെന്നു പറഞ്ഞു. ശൈഖിന്റെ സന്നിധിയിലെത്തി. നിങ്ങൾ എന്താണ് എഴുതുന്നതെന്ന് സൂഫിവര്യർ ചോദിച്ചു. 'ഹാവീ' എന്ന കിതാബാണെന്നു മറുപടി. എന്നാൽ, കഴിയുന്നതും വേഗം തീർക്കാൻ ശ്രമിക്കുക എന്ന ഉപദേശം നല്കി രണ്ടുപേരും പിരിഞ്ഞു. എന്തിനാണ് ധൃതിയിൽ തീർക്കാൻ പറഞ്ഞതെന്ന് പിന്നീട് ആരോ അദ്ദേഹത്തോടു ചോദിച്ചു. അയാളുടെ അവധി കഴിയാനായിട്ടുണ്ടെന്ന് ഞാൻ അറിഞ്ഞതു കൊണ്ടാണ് അങ്ങനെ പറഞ്ഞതെന്ന് ശൈഖ് മറുപടി പറഞ്ഞു. സംഭവിച്ചതും അപ്രകാരംതന്നെ. അതിന്റെ രചനയിൽ നിന്നു വിരമിച്ചയുടനെ വഫാതാകുകയാണുണ്ടായത്. കിതാബെഴുതുമ്പോൾ കൈവിരൽ പ്രകാശിക്കുമെന്നത് അദ്ദേഹത്തിന്റെ കറാമത്തായി ഖസ്‌വീൻകാരുടെ ഇടയിൽ ശ്രുതിപ്പെട്ടതാണ്.

ശാഫിഈ ഫിഖ്ഹിൽ അതിബൃഹത്തായ കിതാബാണ് ഹാവീ എന്നത്. നിരവധി പ്രഗത്ഭരായ പണ്ഡിതർ അതിനെ വ്യാഖ്യാനിച്ചെഴുതിയതിൽ നിന്നു തന്നെ ഇത് മനസ്സിലാക്കാം. ഇരുപതിലധികം ശർഹുകളുണ്ട്. ചുരുക്കിയവരും പദ്യമാക്കിയവരും വേറെയും. യമനീപണ്ഡിതൻ ഇബ്നുൽ മുഖ്‌രി(ഹി: 836)യുടെ ഇർശാദ് ഇതിന്റെ സംക്ഷിപ്തമാണ്. ഇമാം ഇബ്നുൽ വർദി(ഹി: 749) ഹാവീ എന്ന ഗ്രന്ഥത്തെ 5000 ബൈതിൽ ഉൾക്കൊള്ളിച്ചുണ്ടാക്കിയതാണ് ബഹ്ജ എന്നത്. ഈ ബഹ്ജക്കും ശർഹുകളുണ്ട്. അതിലൊന്നാണ് ഇമാം സകരിയ്യൽ അൻസ്വാരിയുടെ 'അൽഗുററുൽ ബഹിയ്യ' എന്നത്. പിൽക്കാലപണ്ഡിതന്മാർ ഹാവീ എന്ന് ഉപയോഗിക്കുന്നത് ചെറിയ ഹാവിയെ സംബന്ധിച്ചാണെന്നാണു 'മൗഹിബ' എന്ന കിതാബിൽ പ്രസ്താവിച്ചത്. ഇമാം മഹല്ലി പിൻതലമുറയിൽപെട്ട(ഹി: 864) പണ്ഡിതനാണ്. അങ്ങനെയെങ്കിൽ ശൈഖ് മുഹമ്മദ് മഹ്ഫൂളിന്റെ ഉദ്ദേശം പിന്ഗാമികളിൽ അവസാനം വന്നവർ എന്നായിരിക്കാമെന്ന് അല്ലാമ: മുഹഖ്ഖിഖ് കൈപ്പറ്റ വീരാൻകുട്ടി മുസ്‌ലിയാരുടെ(ന:മ) രിസാലയിൽ പറഞ്ഞിട്ടുണ്ട്. ലുബാബ്, അതിന്റെ ശർഹ് ഉജാബ് എന്നീ ഗ്രന്ഥങ്ങളും ഇമാം ഖസ്‌വീനിക്കുണ്ട്. ഹി: 665-ൽ അദ്ദേഹം വഫാത്തായി.